# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.731 | 15.07.2014 ന് മറുപടിയ്ക്ക്.

## കൃഷിനാശം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കൃഷിനാശമുൾപ്പെടെ ആക്രമണമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുമതി നൽകണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എച്ച്.ആർ.എം.പി നമ്പർ 7945/2013 എന്ന പരാതിയിൽ 22.04.2014-ൽ പുറപ്പെടുവിച്ച ഉത്തരവിലെ പരാമർശങ്ങളും, നിർദ്ദേശങ്ങളും കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന് വിരുദ്ധമാണ് എന്ന് കാണുന്നു. |
| (ബി) ഇതു സംബന്ധിച്ച് മനുഷ്യവകാശ കമ്മീഷനിൽ നിന്നും പൊതുവേ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ബി) ക്രമത്തിലധികം പെറ്റു പെരുകുന്ന കാട്ടുപന്നികളുടെ ആധിക്യം കൊണ്ട് വനത്തിൽ അതിനാവശ്യമായ ആഹാരം ലഭിക്കാത്തതിനാൽ അവ കൃഷിഭൂമിയിൽ സ്വൈര്യവിഹാരം നടത്തുകയാണ്. വനത്തിൽ കയറി മൃഗങ്ങളെ കൊല്ലുന്നത് നിരോധിക്കേണ്ടതും അത്തരം പ്രവൃത്തികൾ ചെയ്യുന്നവരുടെ പേരിൽ നടപടികൾ എടുക്കേണ്ടതിനൊപ്പം കൃഷിസ്ഥലങ്ങളിൽ കയറി ആക്രമണമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുമതി കൊടുക്കേണ്ടതുമാണ്. അങ്ങനെ കൊന്നാൽ 12 മണിക്കൂറിനുള്ളിൽ നിർദ്ദിഷ്ട ഉദ്യോഗസ്ഥരെ സമീപിച്ച് കൃഷിഭൂമിയിൽ വച്ച് തന്നെയാണ് അതിനെ കൊന്നത് എന്ന് തെളിവുകൾ നൽകുകയും ചെയ്യാം. കൃഷി നശിപ്പിച്ച സ്ഥലം പരിശോധിച്ച് ഉദ്യോഗസ്ഥർക്ക് അത് ഉറപ്പു വരുത്തുകയും ചെയ്യാം. കാർഷിക ഭൂമിയിൽ വച്ച് മുൻകൂർ അനുമതിയോടുകൂടി കൊല്ലുന്ന പന്നികളെ ഭക്ഷിക്കാൻ അനുവദിക്കുകയും വേണം. വനഭൂമിയല്ലാത്ത സ്ഥലത്തു കാണുന്ന കാട്ടുപന്നികളെ തോക്കുപയോഗിച്ചല്ലാതെ കൊല്ലാനും അനുമതി കൊടുക്കേണ്ടതാണ് എന്നിങ്ങനെയാണ് ടി ഉത്തരവിൽ പൊതുവേ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ. |

സെക്ഷൻ ഓഫീസർ